## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1999 08-12-2014-ൽ മറുപടിയ്ക്ക്

### കുന്ദമംഗലത്ത് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം

**ചോദ്യം:** **ഉത്തരം:**

ശ്രീ. പി.റ്റി.എ. റഹീം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുന്ദമംഗലത്ത് എക്സൈസ് റേഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ? | (ബി) | കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ റീ സർവ്വെ 20/1 എ1-ൽപ്പെട്ട 1.51 ഏക്കർ റവന്യൂ ഭൂമിയിൽ നിന്ന് 30.6 സെന്റ് ഭൂമി എക്സൈസ് വകുപ്പിന് കൈമാറാൻ സന്നദ്ധമാണെന്ന് 12.07.2013-ലെ എൽ1/12/35133/11-ാം നമ്പർ കത്ത് പ്രകാരം കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും റവന്യൂ വകുപ്പിൽ നിന്നും ടി ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ചുത്തരവായിട്ടില്ല; ടി ഭൂമി അനുവദിച്ചുകിട്ടിയാലുടൻ എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ